**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 703** **14-10-2026-ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപറേഷൻ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളുമാണ് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപറേഷൻ വഴി നൽകിവരുന്നതെന്ന് വിശദമാക്കുമോ;

**മറുപടി:** കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ, ഭവന നിർമ്മാണ വായ്പകൾ തുടങ്ങി വിവിധ തരം വായ്പകൾ കുറഞ്ഞ പലിശ നിരക്കിൽ നൽകി വരുന്നുണ്ട്.

**(ബി)** പിന്നാക്ക വിഭാഗങ്ങളിലെ യുവജനങ്ങൾക്ക് ഉന്നത വിദ്യാഭ്യാസത്തിനും സംരംഭകത്വത്തിനും കുറഞ്ഞ പലിശ നിരക്കിൽ പ്രത്യേക വായ്പാപദ്ധതികൾ ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ;

**മറുപടി:** മറ്റു പിന്നാക്ക / മതന്യൂനപക്ഷ വിഭാഗങ്ങളിലെ യുവജനങ്ങളുടെ ഉന്നതവിദ്യാഭ്യാസത്തിനായി വിദ്യാഭ്യാസ വായ്പ, വിദ്യശ്രീ വായ്പ എന്നിവയും സംരംഭകത്വത്തിനായി സ്വയം തൊഴിൽ വായ്പ, പ്രവാസി സുരക്ഷ സ്വയം തൊഴിൽ വായ്പ, സ്റ്റാർട്ട് അപ്പ് സ്വയം തൊഴിൽ വായ്പ, ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ, പ്രവർത്തന മൂലധന വായ്പ, ഗ്രീൻ വീൽ സ്വയം തൊഴിൽ വായ്പ, പുനർജനി സ്വയം തൊഴിൽ വായ്പ, വനിതാ ശാക്തീകരണം മുൻനിർത്തി പ്രിയദർശിനി വായ്പ, വിരമിച്ചവർക്കായി സീനിയർ സെക്യൂർ വായ്പ തുടങ്ങിയവ കുറഞ്ഞ പലിശ നിരക്കിൽ നിലവിൽ നൽകി വരുന്നുണ്ട്.

**(സി)** കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപറേഷന്റെ പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**മറുപടി:** കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന് സംസ്ഥാനത്തുടനീളം നിലവിലുള്ള 34 ഓഫീസുകളിലൂടെ മറ്റ് പിന്നാക്ക /മതന്യൂനപക്ഷ വിഭാഗങ്ങളിലെ അർഹരായവർക്ക് വായ്പാ വിതരണം ഫലപ്രദമായി നടപ്പിലാക്കാനുള്ള സംവിധാനം നിലവിലുണ്ട്. കാലഘട്ടത്തിനനുസൃതമായി കോർപ്പറേഷന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**